KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 30/01/ 2020

# ഡ്രൈഡേയിൽ 30 കുപ്പി ഇന്ത്യൻ നിർമ്മിത വിദേശ മദ്യവും 200 പാക്കറ്റ് നിരോധിത പുകയില ഉത്പന്നങ്ങളുമായി യുവാവ് പിടിയിൽ

മൊബൈൽ ഫോണിൽ വിവരം നൽകിയാൽ ആവശ്യക്കാർക്ക് ഇഷ്ടാനുസരണം മദ്യം സ്ഥലത്ത് എത്തിച്ചുകൊടുക്കുന്ന കച്ചവടക്കാരനെയാണ് കണ്ണനല്ലൂർ പോലീസ് പിടികൂടിയത്. നൂതന മാർഗ്ഗങ്ങളിലൂടെ ആവശ്യാനുസരണം മദ്യം ഇരുചക്രനവാഹനത്തിൽ എത്തിച്ചുകൊടുക്കുന്ന വിരുതൻ ആണ് പിടിയിലായത്. തൃക്കോവിൽവട്ടം



അറസ്റ്റിലായ ബിനോയ് മദ്യക്കുപ്പികളുമായി കണ്ണനല്ലൂർ സ്റ്റേഷനിൽ

വില്ലേജിൽ കിഴവൂർ ഇ.എസ്സ്.എ. അശുപത്രിക്ക് സമീപം ബിനോജ് ഭവനത്തിൽ രാജു മകൻ ബിനോയ് (വയസ്സ് 23) ആണ് കണ്ണനല്ലൂർ പോലീസ് അറസ്റ്റ് ചെയ്തത്. ബിവറേജസ് കോർപ്പറേഷനുകളുടെ ഔട്ട് ലെറ്റുകളും ബാറുകളും അവധിയായിരിക്കുന്ന ദിവസങ്ങളിൽ മദ്യം ലഭ്യമാക്കാൻ സദാസമയവും മൊബൈൽ ഫോൺ ഓൺ ആക്കി ഇരുചക്രവാഹനത്തിൽ ചുറ്റിത്തിരിഞ്ഞ് വിൽപ്പന നടത്തുന്നതാണ് ഇയാളുടെ രീതി. മാഹി, ഗോവ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും രഹസ്യമായി മദ്യവും പുകയിലഉൽപ്പന്നങ്ങളും കടത്തികൊണ്ടുവന്ന്

ബിനോയിയുടെ വീട്ടിലും മറ്റും രഹസ്യമായി സൂക്ഷിച്ച് ആവശ്യക്കാർക്ക് സ്ഥലത്ത് എത്തിച്ചുകൊടുക്കുകയാണ് പതിവ്.

ജില്ലാ പോലീസ് മേധാവി ശ്രീ. നാരായണൻ. റ്റി ഐ.പി.എസ്സ്.ന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ ചാത്തന്നൂർ എ.എസി.പി. ശ്രീ. ജോർജ്ജ് കോശിയുടെ നിർദ്ദേശാനുസരണം കണ്ണനല്ലൂർ ഇൻസ്പെക്ടർ എസ്സ്. എച്ച്. ഓ. യു. പി. വിപിൻകുമാറിന്റെ നേതൃത്വത്തിൽ കണ്ണനല്ലൂർ പോലീസ് നടത്തിയ രഹസ്യനീക്കത്തിൽ ആണ് പ്രതി അറസ്റ്റിലായത്. അറസ്റ്റ് ചെയ്ത സമയം ടിയാളുടെ കൈവശം 30 കുപ്പി ഇൻഡ്യൻ നിർമ്മിത വിദേശമദ്യവും 200 പാക്കറ്റ് നിരോധിത പുകയില ഉൽപ്പന്നങ്ങളും ടിയാനിൽ നിന്നും പിടിച്ചെടുത്തു. അറസ്റ്റ് ചെയ്ത ബിനോയിയെ കൊട്ടാരക്കര കോടതിയിൽ ഹാജരാക്കി റിമാൻറ് ചെയ്തു. എസ്സ്.ഐ. ജയശങ്കർ, സുന്ദരേശൻ, എ.എസ്സ്.ഐ. പ്രദീപ്, സി.പി.ഓ. മാരായ മണികണ്ഠൻ, ഷെമീർഖാൻ എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ പിടികൂടിയത്.